SUNDAY LIGHT
സൺഡേ ലൈറ്റ്
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തതിന് സഹായിക്കുന്ന ലഘുലേഖ

27
ആഗസ്റ്റ്
2023

## ആണ്ടുവട്ടം ഇരുപത്തൊന്നാം ഞായർ



**ദൈവപുത്രനായ** ക്രിസ്തു എന്റെ ജീവിതത്തിൽ എനിക്കാരാരാണെന്ന് ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും സഹായിക്കുന്ന സുവിശേഷഭാഗമാണ്. ഈ സുവിശേഷഭാഗത്തിൽ യേശുവിന്റെ ഗലീലായിലെ പരസ്യദൗത്യം അവസാനിക്കുകയും തുടർന്നുള്ള പ്രവർത്തനങ്ങൾ ജറുസലേം കേന്ദ്രീകൃതമാവുകയും ചെയ്യുമ്പോഴുള്ളതാണ്. കേസറിയാ ഫിലിപ്പി, ജോർദ്ദാൻ നദിയുടെ ഉറവിടമായ ഹെർമോൺ മലയുടെ തെക്കെ ചെരുവിൽ സ്ഥിതിചെയ്യുന്ന വിജാതീയ അതിർത്തി പട്ടണമാണിത്. പുരാതനകാലം മുതൽ പാൻ എന്ന പ്രകൃതിദേവനു വേണ്ടിയുള്ള ഗ്രീക്കുകാരുടേയും റോമാക്കാരുടേയും ആരാധനാസ്ഥലമായി ഇത് അറിയപ്പെട്ടിരുന്നു. അവിടെവച്ചാണ് യേശു ശിഷ്യന്മാരോട് ചോദിച്ചത്, 'ഞാൻ ആരാണെന്നാണ് ജനങ്ങൾ പറയുന്നതെന്ന്?' ദൈവരാജ്യം സ്ഥാപിക്കാനായി ഇറങ്ങിപ്പുറപ്പെട്ട യേശുവിന്റെ അസ്തിത്വം ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് താനാരാണെന്ന് മറ്റുള്ളവർ പറയുന്നതെന്ന ചോദ്യം യേശു ചോദിക്കുന്നത്. അവരുടെ ഉത്തരം കേട്ടുകഴിഞ്ഞപ്പോൾ താനാരാണെന്ന് അവർക്ക് മനസ്സിലായില്ലായെന്നറിഞ്ഞ യേശു തന്റെ കൂടെ നടന്ന ശിഷ്യന്മാരോട് ചോദിക്കുന്നുണ്ട്, "ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്?"

ഏറെ നാളുകളായി കൂടെ നടന്ന ശിഷ്യർക്ക് യേശുവിന്റെ സത്തയെക്കുറിച്ച് ഉൾക്കാഴ്ചയുണ്ടായിരുന്നു എന്നതിന്റെ തെളിവായിരുന്നു പത്രോസിന്റെ മറുപടി: "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. താനാരാണെന്ന് തന്റെ ആദ്യശിഷ്യന്മാരിലൊരുവനായ പത്രോസ് തിരിച്ചറിഞ്ഞതിന്റെ സന്തോഷത്തിൽ യേശു മറുപടി പറയുന്നുണ്ട്, "യോനായുടെ പുത്രനായ ശിമയോനെ, നീ ഭാഗ്യവാൻ. മാംസരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്കിത് വെളിപ്പെടുത്തിത്തന്നത്. നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. ക്രിസ്തുനാഥൻ പത്രോസിലൂടെ ആരംഭിച്ച ഈ സഭയുടെ 266-ാമത്തെ പിൻഗാമിയായ ഫ്രാൻസീസ് പാപ്പ നമ്മെ നയിക്കുമ്പോൾ, അതേ ചോദ്യം നമ്മളോട് യേശു ചോദിച്ചാൽ എന്ത് ഉത്തരം നമുക്ക് പറയുവാൻ കഴിയും?

ക്രിസ്തുവിൽ അടിയുറച്ച ആശ്രയവും വിശ്വാസവും ഉണ്ടെങ്കിൽ മാത്രമേ പത്രോസിനുണ്ടായ തിരിച്ചറിവിലേക്ക് നമുക്കും ഉയരുവാൻ സാധിക്കുകയുള്ളൂ. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." എന്നു പറഞ്ഞുകൊണ്ട് പത്രോസിലൂടെ നല്കിയ അധികാരത്തിൽ നിന്നുമാണ് വൈദികർ നമ്മുടെ പാപങ്ങൾ കേൾക്കുകയും മോചിപ്പിക്കുകയും ചെയ്യുന്നതെന്നു മനസ്സിലാക്കി നല്ല കുമ്പസാരം നടത്തുവാൻ നമുക്കു സാധിക്കട്ടെ. നമ്മുടെ അനുദിനജീവിതത്തിൽ യേശുവിന്റെ കരങ്ങളെ മുറുകെപ്പിടിച്ച്, യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന് ലോകത്തോട് പ്രഘോഷിക്കുവാൻ സാധിക്കട്ടെ. ●

## ആമുഖം

പത്രോസിന്റെ വിശ്വാസപ്രഖ്യാപനമാണ് ഇന്നത്തെ സുവിശേഷത്തിന്റെ കാതൽ. കേസരിയാ ഫിലിപ്പി എന്ന വിജാതീയ ദേവന്മാരെ ആരാധിക്കുന്ന സ്ഥലത്ത് വെച്ച് ക്രിസ്തു ചോദിക്കുന്നു: ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? അവിടെയാണ് വലിയ മുക്കുവനായ പത്രോസ് ജ്ഞാനിയാകുന്നത്. അവൻ പറയുന്നു നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ് എന്ന്. അനുദിനം ബലിയർപ്പണത്തിലൂടെ ക്രിസ്തുവിന്റെ കൂടെ സഞ്ചരിക്കുന്ന വരാണ് നമ്മൾ. എന്നിട്ടും അവിടുന്ന് ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുന്നുണ്ട് എന്ന് വിശ്വാസം നമുക്ക് വർദ്ധിക്കുന്നുണ്ടോ? ഈ ബലിയിൽ വിശ്വാസം വർദ്ധിപ്പിക്കണമേ എന്നു പ്രാർത്ഥിക്കാം.

## ഒന്നാം വായന

**ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന്**
(22:19-23)

*(ദാവീദുഭവനത്തിന്റെ താക്കോൽ അവന്റെ തോളിൽ ഞാൻ വച്ചുകൊടുക്കും.)*

അക്കാലത്ത് സൈന്യങ്ങളുടെ കർത്താവ് കൊട്ടാരം വിചാരിപ്പുകാരനായ ഷെബ്നായോടു അരുളിച്ചെയ്യുന്നു: നിന്റെ പദവിയിൽ നിന്നു ഞാൻ നിന്നെ നിഷ്കാസനം ചെയ്യും. നിന്റെ സ്ഥാനത്തു നിന്നു നിന്നെ ഞാൻ താഴെയിറക്കും. അന്ന് എന്റെ ദാസനും ഹിൽക്കിയായുടെ പുത്രനുമായ എലിയാക്കിമിനെ ഞാൻ വിളിക്കും. നിന്റെ അങ്കിയും അരപ്പട്ടയും അവനെ ഞാൻ ധരിപ്പിക്കും. നിന്റെ അധികാരം അവന്റെ കരങ്ങളിൽ ഞാൻ ഏൽപ്പിക്കും. ജറുസലെം നിവാസികൾക്കും യൂദാഭവനത്തിനും അവൻ പിതാവായിരിക്കും. ദാവീദുഭവനത്തിന്റെ താക്കോൽ അവന്റെ തോളിൽ ഞാൻ വച്ചുകൊടുക്കും. അവൻ തുറന്നാൽ ആരും അടയ്ക്കുകയോ അവൻ അടച്ചാൽ ആരും തുറക്കുകയോ ഇല്ല. ഒരു കുറ്റിപോലെ ഉറപ്പുള്ള സ്ഥാനത്ത് ഞാൻ അവനെ സ്ഥാപിക്കും. അവൻ പിതൃഭവനത്തിനു മഹത്വത്തിന്റെ സിംഹാസനമായി ഭവിക്കും.

കർത്താവിന്റെ വചനം

## പ്രതിവചന സങ്കീർത്തനം

(സങ്കീ 138:1-2,2-3,6,8)

**കർത്താവേ, അവിടുത്തെ കാരുണ്യം അനന്തമാണ്; അങ്ങേ സൃഷ്ടിയെ ഉപേക്ഷിക്കരുതേ!**

കർത്താവേ, ഞാൻ പൂർണഹൃദയത്തോടെ അങ്ങേക്കു നന്ദിപറയുന്നു; ദേവന്മാരുടെ മുൻപിൽ ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും. ഞാൻ അങ്ങേ വിശുദ്ധമന്ദിരത്തിനു നേരേ ശിരസ്സു നമിക്കുന്നു;

**കർത്താവേ, അവിടുത്തെ......**

അങ്ങേ കാരുണ്യത്തെയും വിശ്വസ്തതയെയും ഓർത്ത് അങ്ങേക്കു നന്ദിപറയുന്നു; അങ്ങേ നാമവും വാഗ്ദാനവും അത്യുന്നതമാണ്. ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ അവിടുന്ന് എനിക്ക് ഉത്തരമരുളി.

**കർത്താവേ, അവിടുത്തെ......**

കർത്താവു മഹോന്നതനാണെങ്കിലും താണവരെ കടാക്ഷിക്കുന്നു; അഹങ്കാരികളെ അവിടുന്ന് അകലെ വച്ചു തന്നെ അറിയുന്നു. കർത്താവേ, അവിടുത്തെ കാരുണ്യം അനന്തമാണ്; അങ്ങേ സൃഷ്ടിയെ ഉപേക്ഷിക്കരുതേ!

**കർത്താവേ, അവിടുത്തെ......**

## രണ്ടാം വായന

**വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന്** (11:33-35)

*(എല്ലാം അവിടുന്നിൽ നിന്ന്, അവിടുന്നു വഴി, അവിടുന്നിലേക്ക്.)*

ഹാ! ദൈവത്തിന്റെ സമ്പത്തിന്റെയും ജ്ഞാനത്തിന്റെയും അറിവിന്റെയും ആഴം! അവിടുത്തെ വിധികൾ എത്ര ദുർജ്ഞേയം! അവിടുത്തെ മാർഗങ്ങൾ എത്ര ദുർഗ്രഹം! എന്തെന്നാൽ, ദൈവത്തിന്റെ മനസ്സ് അറിഞ്ഞതാര്? അവിടുത്തേക്ക് ഉപദേഷ്ടാവായതാര്? തിരിച്ചുകിട്ടാ

നായി അവിടുത്തേക്കു ദാനം കൊടുത്തവനാര്? എന്തെന്നാൽ, എല്ലാം അവിടുന്നിൽ നിന്ന്, അവിടുന്നു വഴി, അവിടുന്നിലേക്ക്. അവിടുത്തേക്ക് എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ. ആമേൻ.

കർത്താവിന്റെ വചനം

## അല്ലേലൂയാ

അല്ലേലൂയാ! (മത്താ 16:18) നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. അല്ലേലൂയാ!

## സുവിശേഷം

**മത്തായിയുടെ വി. സുവിശേഷത്തിൽ നിന്നുള്ള വായന** (16:13-20)

*(നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.)*

അക്കാലത്ത്, യേശു കേസറിയാഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ ശിഷ്യന്മാരോടു ചോദിച്ചു: മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? അവർ പറഞ്ഞു: ചിലർ സ്നാപകയോഹന്നാൻ എന്നും മറ്റു ചിലർ ഏലിയാ എന്നും വേറെ ചിലർ ജറെമിയാ അല്ലെങ്കിൽ പ്രവാചകന്മാരിലൊരുവൻ എന്നും പറയുന്നു. അവൻ അവരോടു ചോദിച്ചു: എന്നാൽ, ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ശിമയോൻ പത്രോസ് പറഞ്ഞു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്. യേശു അവനോട് അരുളിച്ചെയ്തു: യോനായുടെ പുത്രനായ ശിമയോനേ, നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല, സ്വർഗസ്ഥനായ എന്റെ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തിത്തന്നത്. ഞാൻ നിന്നോടു പറയുന്നു: നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരേ പ്രബലപ്പെടുകയില്ല. സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും. അനന്തരം അവൻ, താൻ ക്രിസ്തുവാണെന്ന് ആരോടും പറയരുതെന്നു ശിഷ്യന്മാരോടു കല്പിച്ചു.

കർത്താവിന്റെ സുവിശേഷം



**നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.**

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമികൻ:** പ്രിയ സഹോദരരേ, നമ്മുടെ പ്രാർത്ഥനകളും അഭിലാഷങ്ങളും ദൈവ സന്നിധിയിൽ എളിമയോടെ നമുക്ക് സമർപ്പിക്കാം.

1. സ്വർഗീയ പിതാവേ, അങ്ങേ ഭൗതിക ശരീരമായ തിരുസഭയെ പരിപോഷിപ്പിക്കുന്ന പരിശുദ്ധ പിതാവിനേയും ഞങ്ങളുടെ (അതി) രൂപതാധ്യക്ഷനെയും എല്ലാ വൈദികരെയും അങ്ങേ വിശുദ്ധിയും സ്നേഹവും കൊണ്ട് നിറയ്ക്കണമേ. അങ്ങനെ അവർ സഭാമക്കളെ വിശ്വാസത്തിലും ക്രൈസ്തവ മൂല്യങ്ങളിലും വളർത്തുവാൻ വേണ്ട ആത്മപ്രകാശം നൽകി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. കൃപാനിധിയായ ദൈവമേ, ക്രിസ്തു കാണിച്ച് തന്ന വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ബോധ്യങ്ങളുടെ ഇടുങ്ങിയ വാതിലൂടെ കടക്കുവാനും, ഒരിക്കലും നശിക്കാത്ത സന്തോഷവും സമാധാനവും കൊണ്ട് ഞങ്ങളെ നിറയ്ക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. അനുഗ്രഹദാതാവായ ദൈവമേ, എല്ലാ കുടുംബങ്ങളെയും വ്യക്തികളെയും സമൂഹങ്ങളെയും അനുഗ്രഹിക്കണമേ. അവരുടെ ജീവിതങ്ങളിൽ എന്നും അങ്ങേ കരുതലും സ്നേഹവും സമാധാനവും അനുഭവിച്ചുകൊണ്ട് മുന്നേറുവാൻ അവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സർവ്വശക്തനായ ദൈവമേ, രോഗത്താൽ ആശുപത്രികളിലും ഭവനങ്ങളിലും കഴിയുന്ന ഞങ്ങളുടെ മാതാപിതാക്കളെയും സഹോദരങ്ങളെയും അനുഗ്രഹിക്കണമേ. രോഗം മൂലം അവർക്കുണ്ടാകുന്ന എല്ലാ ബുദ്ധിമുട്ടുകളിലും വേദനകളിലും അങ്ങ് കൂടെയായിരുന്നു കൊണ്ട് അങ്ങേ സൗഖ്യദായകമായ കരസ്പർശനത്താൽ സൗഖ്യം നല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. നന്മ സമ്പൂർണ്ണനായ ദൈവമേ, മരണം മൂലം അങ്ങേ സന്നിധിപൂകിയ ഞങ്ങളുടെ എല്ലാ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും, ആരുടെയും പ്രാർത്ഥന ലഭിക്കാതെ ശുദ്ധീകരണ സ്ഥലത്ത് വേദനയനുവിക്കുന്ന ആത്മാക്കളുടെയും പാപങ്ങളെ കഴുകി വിശുദ്ധികരിച്ച് അങ്ങേ സ്വർഗ്ഗീയ മഹിമയിൽ അവരെ പങ്കാളികളാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമികൻ:** സർവ്വശക്തനായ ദൈവമേ, അങ്ങേ പുത്രനെ ആഴത്തിൽ മനസ്സിലാക്കി വിശ്വാസ്യത്തോടെ ജീവിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ഞങ്ങളുടെ കർത്താവായ.......





KERALAVANI
MEDIA COMMISSION • ARCHDIOCESE OF VERAPOLY
I.S. PRESS ROAD, ERNAKULAM, PH. 6282610318

*സാമൂഹികപരവും സഭാപരവുമായ കൂടുതൽ വാർത്തകളും വീഡിയോകൾക്കും കേരളവാണി യൂട്യൂബ് ചാനൽ Subscribe ചെയ്യുക.*